# കേരള ഇലക്ട്രിസിറ്റി എംപ്ളോയീസ് കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി)

**രജി.നമ്പർ 01-14/87 – അഫി : നമ്പർ 10485**
**വി.പി മരയ്ക്കാർ സ്മാരകമന്ദിരം, അംബുജവിലാസം റോഡ്**
**തിരുവനന്തപുരം -1**


**പ്രസിഡന്റ്** — **ജനറൽ സെക്രട്ടറി**
**കെ.പി.ധനപാലൻ Ex.MP** — **സിബിക്കുട്ടി ഫ്രാൻസിസ്**


തിരുവനന്തപുരം
15.12.2015

നമ്പർ. 9/2015

## സർക്കുലർ

സുഹൃത്തേ,

KSEB യുടെ ചരിത്രത്തിലാദ്യമായി ഹിതപരിശോധനയിൽ നമ്മൾ നേതൃത്വം നൽകിയ യു.ഡി.ഇ.ഇ.എഫിന് മികച്ച അംഗീകാരം ലഭിച്ചിരിക്കുകയാണ്. 24.82% വോട്ടോടെ ഈ സ്ഥാപനത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ സംഘടനയായിരിക്കുകയാണ്. ഇതിനുവേണ്ടി പ്രവർത്തിച്ച എല്ലാവർക്കും ആദ്യമായി പ്രത്യേക അഭിനന്ദനങ്ങൾ.

കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി) സ്റ്റേറ്റ് കൗൺസിൽ 20.11.2015 രാവിലെ 10 AM ന് പ്രസിഡന്റ് കെപി.ധനപാലന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിച്ചതിന്റെ ഫലം റഫറണ്ടത്തിലൂടെ നേടിയെടുക്കാൻ കഴിഞ്ഞുവെന്ന് പ്രസിഡന്റ് പറഞ്ഞു. ഒറ്റക്കെട്ടായി പ്രവർത്തിച്ച എല്ലാവരേയും അഭിനന്ദിച്ചു. കഴിഞ്ഞ നാലര വർഷത്തെ UDF ഭരണത്തിൽ ശ്രീ.ആര്യാടൻ മുഹമ്മദ് വൈദ്യുതി മന്ത്രി ആയതിനുശേഷം നമ്മുടെ സ്ഥാപനത്തിൽ ജീവനക്കാരോട് സ്വീകരിച്ചിട്ടുള്ള അനുകൂല നിലപാടുകളും നമ്മുടെ ഒത്തൊരുമയോടുള്ള പ്രവർത്തനങ്ങളും എം.എസ്.റാവുത്തർ പടുത്തുയർത്തിയതും കാത്തുസൂക്ഷിച്ചതുമായ സംഘടനാ ശക്തിയുമാണ് വിജയത്തിന്റെ കാരണമെന്ന് കൗൺസിൽ വിലയിരുത്തി. ട്രഷറർ സ്വാഗതവും ജനറൽ സെക്രട്ടറി റിപ്പോർട്ടും മിനിറ്റ്സും അവതരിപ്പിച്ചു. സ്റ്റേറ്റ് കൗൺസിലിൽ പങ്കെടുത്ത വനിതാവേദി പ്രസിഡന്റ് ലതികാ സുബാഷ് റഫറണ്ടത്തിലൂടെ നേടിയ വിജയത്തിൽ എല്ലാ ഭാരവാഹികളേയും പ്രവർത്തകരേയും അഭിനന്ദിച്ചു. രണ്ടു ദിവസങ്ങളിലായി നടന്ന ചർച്ചയിൽ (20, 21 തീയതികളിൽ) 160 സ്റ്റേറ്റ് കൗൺസിൽ അംഗങ്ങൾ പങ്കെടുത്തു. വിവിധ ജില്ലകളിൽ ലഭിച്ചതും നഷ്ടപ്പെട്ടതുമായ വോട്ട് സംബന്ധിച്ച് വിലയിരുത്തലുകൾ നടത്തി. പല പ്രതിസന്ധികളുണ്ടായിട്ടും ചരിത്രത്തിലാദ്യമായി KSEB യിൽ INTUC നേതൃത്വം നൽകുന്ന മുന്നണിക്ക് അംഗീകാരം നേടാൻ സാധിച്ചത് ഒറ്റക്കെട്ടായി നടത്തിയ പ്രവർത്തനം മൂലമാണെന്ന് എല്ലാവരും അഭിപ്രായപ്പെട്ടു. അംഗീകാരം ലഭിച്ചതുവഴി കൂടുതൽ ഉത്തരവാദിത്വമുണ്ടായിരിക്കുകയാണെന്നും അത് കൃത്യമായി നിറവേറ്റണമെന്നും കൗൺസിൽ നിർദ്ദേശിച്ചു.

### വോട്ട് വിലയിരുത്തൽ

കാട്ടാക്കട, നെയ്യാറ്റിൻകര, കൊല്ലം, കുണ്ടറ, പീരുമേട്, മൂലമറ്റം എന്നീ ഡിവിഷനുകളിൽ ഒന്നാം സ്ഥാനത്തെത്തിയതിനാൽ പ്രസ്തുത ഡിവിഷൻ കമ്മിറ്റികളെ പ്രത്യേകം അനുമോദിച്ചു. 2003 ലെ റഫറണ്ടത്തിൽ UDEEF ന് ലഭിച്ചത് 3453 (17 %) വോട്ടാണ്. എന്നാൽ 2015 ൽ അത് 6854 വോട്ടായി ഉയർത്തുവാൻ സാധിച്ചു എന്നുള്ളത് നമുക്ക് മാത്രമുള്ള നേട്ടമാണ്. 100 ശതമാനം വർദ്ധനവാണ് നമുക്കുണ്ടായിരിക്കുന്നത്. എന്നാൽ Workers Federation ന് 2003 ൽ 4539 വോട്ടുകളാണുണ്ടായിരുന്നത്. ഇപ്പോൾ അത് 4557 വോട്ട് മാത്രമായി 22.5% ൽ നിന്നും 16.50% ലേക്ക് കുറഞ്ഞു. 2003 ൽ വോട്ട് രേഖപ്പെടുത്തിയത് 19735 ജീവനക്കാരാണെങ്കിൽ ഇപ്പോൾ അത് 27612 ആയി. ഏകദേശം 8000 ത്തോളം ജീവനക്കാരുടെ എണ്ണം വർദ്ധിച്ചപ്പോൾ നമുക്ക് 3401 വോട്ടിന്റെ വർദ്ധനവ് ഉണ്ടായപ്പോൾ CITU ന് 4657 വോട്ടിന്റ വർദ്ധനവ് മാത്രമാണുണ്ടായത്. കഴിഞ്ഞ 12 വർഷത്തിൽ സംഘടനാപരമായ വളർച്ച കാര്യത്തിൽ നമ്മൾ ഒന്നാം സ്ഥാനത്താണ്. KSEB യിലെ ഏറ്റവും വലിയ രണ്ടാമത്തെ കക്ഷിയാകുമെന്നുള്ള നമ്മുടെ വാക്ക് പാലിക്കാൻ സാധിച്ചു. അടുത്ത റഫറണ്ടത്തിൽ ഇത് ഒന്നാം സ്ഥാനത്തെത്തിക്കാൻ എല്ലാവരും ശക്തമായി പ്രവർത്തനം നടത്തണമെന്നും വിജയത്തിന്റെ ആലസ്യത്തിൽ ആരും ഇനിയുള്ള കാലം വിശ്രമിക്കരുതെന്നും കൗൺസിൽ നിർദ്ദേശിച്ചു. നമുക്ക്

നമ്മുടെ മെമ്പർഷിപ്പ് വോട്ടുകൾ ലഭിച്ചു. വിവിധ ഡിവിഷനുകളിൽ CITU വിരുദ്ധ വോട്ടുകൾ AITUC ക്ക് ലഭിച്ചെന്നും കൗൺസിൽ അഭിപ്രായപ്പെട്ടു.

**ശമ്പള പരിഷ്ക്കരണം**

ശമ്പള പരിഷ്ക്കരണ നിർദ്ദേശങ്ങൾ ഉടൻ നൽകുവാൻ കൗൺസിൽ തീരുമാനിച്ചു. പുതിയതായി ലഭിച്ച നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി Final chart of demand യൂണിയന്റെ website ൽ publish ചെയ്തിട്ടുണ്ട്. ഇനിയും പരാതികളുണ്ടെങ്കിൽ 20.12.2015 നകം അറിയക്കണം.

**സംസ്ഥാന സമ്മേളനം**

സംസ്ഥാന സമ്മേളനം മെയ് മാസം 25,26,27 തീയതികളിൽ നടത്തുവൻ തീരുമാനിച്ചു. സമ്മേളനത്തിന് മുമ്പ് യൂണിറ്റ് മീറ്റിംഗ് ഡിവിഷൻ, ജില്ലാ സമ്മേനങ്ങൾ നടത്തണമെന്ന് തീരുമാനിച്ചു. സംസ്ഥാന സമ്മേളനത്തിന് മുമ്പ് എല്ലാ അംഗങ്ങൾക്കും Identity card നൽകുവാനും കൗൺസിൽ തീരുമാനിച്ചു.

**പ്രമോഷൻ**

. എല്ലാ പ്രമോഷനുകളും ഉടൻ നടത്താനും പുതിയതായി വർക്കർമാരെ നിയമിക്കാനള്ള നടപടികൾ സ്വീകരിക്കാനും ബോർഡ് തലത്തിൽ ചർച്ച ചെയ്യണമെന്ന് കൗൺസിൽ നിർദ്ദേശിച്ചു

**പ്രവർത്തനങ്ങൾ**

20% ൽ കുറവ് വോട്ട് നേടിയ ഡിവിഷൻ കമ്മിറ്റികളുടെ പ്രവർത്തനം ഊർജ്ജിമാക്കണമെന്നും മെമ്പർഷിപ്പ് കാമ്പെയിൻ നടത്തണമെന്നും ജില്ലാ കമ്മിറ്റികൾ ഇക്കാര്യത്തിൽ ഉത്തരവാദിത്വം ഏറ്റെടുക്കണമെന്നും കൗൺസിൽ നിർദ്ദേശിച്ചു

**വർക്കിംഗ് ഫണ്ട്**

എത്തിക്കാനുള്ള കമ്മിറ്റികൾ ഉടൻ എത്തിക്കണമെന്നും സംസ്ഥാന കമ്മിറ്റിയിൽ നിന്നും ഓരോ ഡിവിഷനും നൽകിയിട്ടുള്ള കൂപ്പണുകൾ (വരവ്, ചിലവ്) ജില്ലാ വർക്കിംഗ് പ്രസിഡന്റ്, സെക്രട്ടറിമാർ പരിശോധിച്ച് സംസ്ഥാന കമ്മിറ്റിക്ക് റിപ്പോർട്ട് നൽകണമെന്നും കൗൺസിൽ നിർദ്ദേശിച്ചു. കേന്ദ്ര കമ്മിറ്റി ഓഫീസിൽ നൽകാനുള്ള എല്ലാ കുടിശ്ശിഖയും ഉടൻ എത്തിക്കാമെന്ന് എല്ലാവരും സമ്മതിച്ചു.

**INTUC പ്ലീനറി സമ്മേളനം**

. ഡൽഹിയിൽ നടന്ന 31-ാമത് പ്ലീനറി സമ്മേളനത്തിൽ ജനറൽ സെക്രട്ടറി ഉൾപ്പടെ KEEC സ്റ്റേറ്റ് കൗൺസിൽ തിരഞ്ഞെടുത്ത 11 പേർ പങ്കെടുത്തു. വൈദ്യുതിമേഖലയുടെ പ്രത്യേക ചർച്ചയിൽ ജനറൽ സെക്രട്ടറി സംസാരിച്ചു.

**വർക്കിംഗ് കമ്മിറ്റി**

KEEC യുടെ സംസ്ഥാന വർക്കിംഗ് കമ്മിറ്റി 21.12.2015 തിങ്കളാഴ്ച കൃത്യം 10 AM ന് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരത്ത് വി.പി.മരയ്ക്കാർ മന്ദിരത്തിൽ ചേരുന്നതാണ്. കൃത്യം 12 മണിക്ക് UDEEF ന്റെ വർക്കിംഗ് കമ്മിറ്റിയും ഉണ്ടായിരിക്കും. (സംസ്ഥാന ഭാരവാഹികൾ, എക്സ് ഒഫിഷ്യോ, ജില്ലാ വർക്കിംഗ് പ്രസിഡന്റ്/സെക്രട്ടറി) എന്നിവർ കൃത്യമായും പങ്കെടുക്കണം. അന്നേ ദിവസം ഉച്ചക്ക് 2.15 ന് നമ്മുടെ ശമ്പള പരിഷ്ക്കരണ "അവകാശ പത്രിക" നൽകുന്നതാണ്. എല്ലാ വക്കിംഗ് കമ്മിറ്റി അംഗങ്ങളും പങ്കെടുക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഡിമാന്റ് നൽകുന്ന ദിവസം ഡിവിഷൻ തലത്തിൽ പ്രകടനം നടത്തണം. അന്നേ ദിവസം എല്ലാ ഡിവിഷനും അവകാശ ദിനമായി ആചരിക്കണം. പ്രകടനം നടത്തണം. പത്രവാർത്ത കൊടുക്കണം. അവകാശ ദിനം എന്ന കളർ DTP എല്ലാ നോട്ടീസ് ബോർഡിലും പതിക്കണം. ഫോർമാറ്റ് യൂണിയൻ സൈറ്റിലുണ്ട്. (Menu: Union News/ Notice).

. നല്ല ഒരു വിജയം നേടുന്നതിന് പ്രവത്തിച്ചവർക്കും വോട്ട് ചെയത എല്ലാവർക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തികൊണ്ട് 21.11.2015 ശനിയാഴ്ച കൃത്യം 7 PM ന് കൗൺസിൽ അവസാനിച്ചു.

സ്നേഹാദരങ്ങളോടെ,

സിബിക്കുട്ടി ഫ്രാൻസിസ്
ജനറൽ സെക്രട്ടറി